# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4125 — 25.06.2018-ൽ മറുപടിയ്ക്ക്.

## ക്ഷീര വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി. ദിവാകരൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കാലിത്തീറ്റയുടെ മിക്ക അസംസ്കൃത വസ്തുക്കളും കേരളത്തിൽ ലഭ്യമാകാത്ത സ്ഥിതിക്ക് പരമ്പരാഗത കാർഷിക ഉല്പന്നങ്ങളിൽ നിന്ന് കാലിത്തീറ്റക്ക് സമാനമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് ക്ഷീര വികസന വകുപ്പും ക്ഷീര സഹകരണ പ്രസ്ഥാനങ്ങളും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) പാലുല്പാദനത്തിന്റെ വർദ്ധിച്ച തീറ്റചെലവ്, പാലുല്പാദനക്ഷമത കൈവരിക്കൽ, പശുക്കളുടെ ആരോഗ്യം മെച്ചപ്പെടുത്തൽ തുടങ്ങിയ ലക്ഷ്യങ്ങൾ പരിഗണിച്ച് ക്ഷീരവികസന വകുപ്പ് ക്ഷീര സഹകരണ സംഘങ്ങൾ മുഖേന പാരമ്പര്യേതര തീറ്റ വസ്തുക്കളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതോടൊപ്പം തന്നെ പ്രാദേശികമായി ലഭ്യമായ കാർഷിക ഉല്പന്നങ്ങൾ, തീറ്റ വസ്തുക്കൾ, വ്യാവസായിക ഉപോല്പന്നങ്ങൾ എന്നിവ ക്ഷീര സംഘങ്ങൾ, കർഷക ഗ്രൂപ്പുകൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ക്ഷീരവികസന വകുപ്പ് പ്രത്യേക ശ്രദ്ധ നല്കിവരുന്നു. |
| (ബി) ക്ഷീര വികസന വകുപ്പ് ജൈവ വള ഉല്പാദനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ക്ഷീരകർഷകർക്ക് പശു വളർത്തലിന്റെ അനുബന്ധ വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ചാണകത്തിന്റെ സംസ്കരണം, ജൈവവള നിർമ്മാണം, ചാണകം, ഗോമൂത്രം എന്നിവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിന് പ്രോത്സാഹനം, തുടങ്ങിയ പ്രവർത്തനങ്ങൾ ഫാം തലത്തിലും ക്ഷീര സംഘം തലത്തിലും നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) ക്ഷീര വികസന വകുപ്പ് മുഖാന്തിരം കന്നുകാലികളുടെ ആരോഗ്യസംരക്ഷണത്തിനായി ധാതു ലവണ മിശ്രിതം നല്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ധാതുലവണ മിശ്രിതം നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ ഒരു കോടി രൂപയുടെ ധാതുലവണ മിശ്രിതം ക്ഷീര സംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |

(ഡി) ക്ഷീരോല്പാദന സാധ്യതയുള്ള പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളിൽ സംയോജിത ക്ഷീര വികസന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ഡി) ഗ്രാമപഞ്ചായത്തുകളിൽ സംയോജിത ക്ഷീര വികസന പദ്ധതികൾ നടപ്പിലാക്കുന്നു. 2018-19 വർഷത്തിൽ 10 ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു. ഓരോ ഗ്രാമ പഞ്ചായത്തിലും അൻപത് ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

| ക്രമ നം | പഞ്ചായത്ത് | ജില്ല |
|---|---|---|
| 1. | വെമ്പായം | തിരുവനന്തപുരം |
| 2. | മേലില | കൊല്ലം |
| 3. | തൊടിയൂർ | കൊല്ലം |
| 4. | വയലാർ | ആലപ്പുഴ |
| 5. | കോലഴി | തൃശ്ശൂർ |
| 6. | കണ്ണമംഗലം | മലപ്പുറം |
| 7. | വട്ടൻകുളം | മലപ്പുറം |
| 8. | ചെറുവാന്നൂർ | കോഴിക്കോട് |
| 9. | തില്ലങ്കേരി | കണ്ണൂർ |
| 10. | പനത്തടി | കാസർഗോഡ്. |

**സെക്ഷൻ ഓഫീസർ**